## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6183** **20.11.2019-ൽ മറുപടിയ്ക്ക്**

### പാട്ടത്തിനു നൽകിയ സ്ഥലത്ത് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള അനുമതി

**ചോദ്യം**
**ശ്രീ.ബി.ഡി. ദേവസ്സി**

**മറുപടി**
**അഡ്വ. കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി കുടിവെള്ളപദ്ധതി, കിഫ്ബി വഴി നടപ്പാക്കുന്നതിന്റെ ഭാഗമായി, വനം വകുപ്പ് പ്ലാന്റേഷൻ കോർപ്പറേഷന് പാട്ടത്തിനു നൽകിയ സ്ഥലത്ത് വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനായി അനുമതി നൽകുന്നതിനായുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി എന്നിവിടങ്ങളിൽ കിഫ്ബി വഴി കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 സെക്ഷൻ 2 പ്രകാരം 0.1143 ഹെക്ടർ വനഭൂമി വിട്ടുനൽകുന്നതിനായി ഓൺലൈനായി പ്രൊപ്പോസൽ സമർപ്പിക്കുകയും വിശദ പരിശോധനയ്ക്ക് ശേഷം ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരവും കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്റ്റേജ്-1 അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി വനം വകുപ്പിന്റെ അനുമതി അടിയന്തരമായി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?. | (ബി) | യൂസർ ഏജൻസി സ്റ്റേജ്-1 അനുമതിയിലെ നിബന്ധനകൾ പാലിച്ച് റിപ്പോർട്ട് ഓൺലൈനായി അയച്ചുതരുന്ന മുറയ്ക്ക് അന്തിമ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**